ശ്രീ. രാമദാസ മിഷൻ സെക്രട്ടറിയിൽ നിന്നും ലഭിച്ച നിവേദനം

1246 [1992] ശ്രീ. എ. നീലലോഹിത ദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. രാമദാസ മിഷൻ സെക്രട്ടറിയിൽ നിന്നും ഒരു നിവേദനം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ളത്;

(സി) അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ, ബി, സി) ലഭ്യമായ വിവരം അനുസരിച്ച് അങ്ങനെ ഒരു നിവേദനം കിട്ടിയതായി കാണുന്നില്ല. പൂർണ്ണ വിവരം ശേഖരിച്ചു വരുന്നു.

ലത്തീൻ കത്തോലിക്കാ മൽസ്യത്തൊഴിലാളി യൂണിയൻറെ മെമ്മോറാണ്ടം

1247 [1993] ശ്രീ. എ. നീലലോഹിത ദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലത്തീൻ കത്തോലിക്ക മൽസ്യത്തൊഴിലാളി യൂണിയൻ ഗവൺമെൻറിന് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ മെമ്മോറാണ്ടത്തിൽ എന്തൊക്കെ അടിയന്തിരാവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്;

(സി) അവയിൻമേൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന ഗവൺമെൻറിൻറെ കീഴിൽ വിഴിഞ്ഞത്തു പ്രവർത്തിക്കുന്ന ലോബ്സ്റ്റർ റിസർച്ച് സ്റ്റേഷൻ, മുത്തു വളർത്തൽ കേന്ദ്രം എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള പ്രശ്നങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്.

(സി) യൂണിയൻ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ ഗവൺമെൻറു പരിശോധിച്ചു വരുന്നു.

സ്പെഷ്യൽ റിക്രൂട്ട്മെൻറിലെ അപാകതകൾ പരിഹരിക്കാൻ നിവേദനം

1248 [1995] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് സർവ്വീസ് അസോസിയേഷനുകളുടെ കൊ-ഓർഡിനേഷൻ കമ്മറ്റിയിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെൻറിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു മെമ്മോറാണ്ടം ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly